കാറ്റിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് പദ്ധതികൾ

164 (4227) ശ്രീ. കെ. ബാബു :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാറ്റിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിവരുന്നത് ;

(ബി) ഈ പദ്ധതികളിലൂടെ പ്രതിവർഷം എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(സി) 2009-10 സാമ്പത്തിക വർഷത്തിൽ ഇതിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനായി ;

(ഡി) സ്വകാര്യ പങ്കാളിത്തത്തോടെ കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾക്ക് സർക്കാർ എന്തൊക്കെ പ്രോത്സാഹനങ്ങളാണ് നൽകിവരുന്നത് ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സ്വകാര്യ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് ഇത്തരം എത്ര വൈദ്യുത പദ്ധതികൾ സ്ഥാപിക്കാനായി എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഈ വർഷം ഇത്തരം എത്ര പദ്ധതികളുടെ പ്രവർത്തനം തുടങ്ങാൻ കഴിയുമെന്നാണ് കരുതുന്നത് ?

ഉത്തരം

(എ&ബി) പാലക്കാട് ജില്ലയിൽ കഞ്ചിക്കോട്ട് 2.03 MW ഉൽപ്പാദന ശേഷിയുള്ള കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സ്വകാര്യ മേഖലയിൽ രാമക്കൽമേട് 14.25 MW-ഉം അഗളിയിൽ 13.8 MW-ഉം ഉല്പാദന ശേഷിയുള്ള കാറ്റാടി യന്ത്രങ്ങൾ നിലവിലുണ്ട്.

(സി) 2009-10 സാമ്പത്തിക വർഷത്തിൽ 66.48 MW വൈദ്യുതി കാറ്റാടി യന്ത്രങ്ങൾ വഴി ഉല്പാദിപ്പിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനെക്കുറിച്ചുള്ള പഠനങ്ങൾ നടത്താനും പദ്ധതികൾ നടപ്പാക്കുന്നതിനുമുള്ള നോഡൽ ഏജൻസിയായി അനെർട്ടിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഈ രംഗത്ത് സ്വകാര്യ സംരംഭകരെ ആകർഷിക്കുന്നതിനുവേണ്ടിയുള്ള നിയമ ഭേദഗതികളും മറ്റും നടപ്പാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ മേഖലയിൽ അഗളിയിൽ 23(23X600 KW = 13.8MW) കാറ്റാടി യന്ത്രങ്ങളും, രാമക്കൽമേട്ടിൽ 19 കാറ്റാടി യന്ത്രങ്ങളും (19X750 KW=14.25 MW) സ്ഥാപിച്ചിട്ടുണ്ട്.

(എഫ്) 2010-11 സാമ്പത്തിക വർഷം സ്വകാര്യ മേഖലയിൽ (6X600 KW) 3.6MW ഉല്പാദനശേഷിയുള്ള കാറ്റാടി യന്ത്രങ്ങൾ അളഗിയിൽ സ്ഥാപിക്കുന്നുണ്ട്.

കാറ്റിൽ നിന്നും വൈദ്യുതി

165 (4228) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാറ്റിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ആദ്യത്തെ ഊർജ്ജ നിലയം എവിടെ സ്ഥാപിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതിയിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയും എന്നാണ് കരുതുന്നത് ;

(സി) പ്രസ്തുത ഊർജ്ജ വൈദ്യുത നിലയം എന്നത്തേക്ക് പ്രവർത്തിക്കുവാൻ കഴിയും വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് 1995-ൽ സ്ഥാപിച്ചിട്ടുള്ള 2.025 MW പ്രതിഷ്ഠാപിതശേഷിയുള്ള കാറ്റാടിപ്പാടമാണ് കേരളത്തിലെ കാറ്റിൽ നിന്നു വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ആദ്യത്തെ വൈദ്യുതി നിലയം. കൂടാതെ 2007-09 വർഷങ്ങളിലായി സ്വകാര്യ സംരംഭകർ വഴി രാമക്കൽമേട്ടിൽ (19Nos: X 0.75 MW) 14.25 MW-ഉം അഗളിയിൽ (23 Nos X 0.6 MW) 13.8 MW-ഉം ശേഷിയുള്ള കാറ്റാടിയന്ത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

കടലിൽ കാറ്റാടിയന്ത്രം സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി

166 (4229) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലിൽ കാറ്റാടി യന്ത്രം സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയുടെ സാധ്യത സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly